# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 312**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജൂൺ മാസം 3–ാം തീയതി ഞായറാഴ്ച നാം സഭയായി വൈദിക ദിനം ആചരിക്കുകയാണ്. അന്ന് നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും വേണം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹ പ്രദവും ആയിത്തീരട്ടെ.

നമ്മുടെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം നിയന്ത്രണാതീതമായി വർദ്ധിച്ചുവരികയാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിനു വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. 2016 ഏപ്രിൽ 1–ന് നിലവിൽവന്ന പട്ടക്കാരുടെ ചികിത്സാ സഹായ പദ്ധതിപ്രകാരം ഓരോ പട്ടക്കാരനും, അദ്ദേഹം ശുശ്രൂഷ ചെയ്യുന്ന ഇടവകയോ സ്ഥാപനമോ അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം (ആകെ 8%), ചികിൽസാസഹായ പദ്ധതിയുടെ മാസവരി അതാത് മാസത്തിന്റെ 30–ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാസഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ശമ്പളത്തിൽ കുറവുചെയ്ത് ട്രസ്ററിമാർ വർഷാവസാനത്തിൽ അടയ്ക്കണമെന്ന അറിയിപ്പ് നൽകേണ്ടിവരുമെന്ന് അനുസ്മരിപ്പിക്കുന്നു. യഥാസമയം വരിസംഖ്യ അടയ്ക്കാത്ത പട്ടക്കാർക്ക് ഈ നിധിയിൽനിന്നും ഏതു സാഹചര്യത്തിലായാലും സഹായം നൽകാൻ സാധിക്കാതെവരും എന്നും അനുസ്മരിപ്പിക്കട്ടെ. ഒരു നല്ല സംഖ്യ യുവ പട്ടക്കാർ കഴിഞ്ഞ വർഷം അപ്രകാരം വീഴ്ച വരുത്തിയതിനാൽ കുടിശിക ലിസ്ററ് അതാത് ഇടവകകളിലേക്ക് അയച്ചുകൊടുക്കുന്നതാണ് എന്നും ഓർമ്മിപ്പിക്കുന്നു. മാസവരി മുൻകൂറായി അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിൽ ഇല്ലാത്ത പട്ടക്കാരുടെ വിഹിത ക്രമീകരണം മുൻ പതിവുപോലെ നൽകാവുന്നതാണ്.

ജൂൺ മാസം 3–ാം തീയതി ഞായറാഴ്ച ശുശ്രൂഷാമദ്ധ്യേ കവറുകളിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ഇതിനായി ശേഖരിക്കുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സ്തോത്രകാഴ്ച ഇനത്തിൽ ഈ വർഷം 35 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. സ്തോത്രകാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണം.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2018 മേയ് 01–ാം തീയതി,

Jmmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 312**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We, as a Church are observing the Clergy Day on Sunday, 3rd June. On that day we should remember our Clergy in our prayers and thank God for them. May their service be inspired by the Holy Spirit and be a blessing to everyone.

We have the responsibility to help our clergy and their families when they fall sick. The cost of medicine and treatment is increasing day by day. For many, it is beyond their means. It is to help Achens meet their medical expenses that we raise a special fund. As per the new scheme that came into effect from 1st April 2016, every clergy and Parish or institution, where he is working, should remit 4% each of the basic pay (total 8%), towards the Medical Aid Scheme as monthly subscription before 30th of every month.The clergy in active service are directed to remit their share towards Medical Aid Scheme without fail. It is informed that, if achens fail in these remittances, Trustees will be directed to make the payment by deducting it from the salary, at the end of the year. We are unable to allow medical claim to the defauters at any cost. It has been noted that some young clergy have become defaulters and this will be brought to the notice of the concerned Parish. Achens should take proper care to ensure that the subscriptions for Medical Aid are paid by the Parish/Institution. Subscriptions can be paid in advance. The present mode of remittances of retired clergy in this regard will be continued.

The parish officials must see that the entire offertory received in special envelopes and otherwise during the service on Sunday the 3rd June along with special contributions if any, should be remitted promptly to the Sabha Office without delay. This year Rs.35 lakhs is expected as offertory. All should participate generously in the offertory.

Beloved, we pray that God may shower on our ordained ministers the grace they need to work for His glory endowed with greater strength of body, mind and soul.

Grace be with you all.

Dated 1st May 2018 from Poolatheen, Tiruvalla

Dr. Joseph Mar Thoma Metropolitan